# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 5 — 07.08.2017 — ൽ മറുപടിക്ക്

## റേഷൻകാർഡിലെ മുൻഗണന പട്ടിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം<br>,, സി .കെ .ശശീന്ദ്രൻ<br>,, ഐ.ബി .സതീഷ്<br>,, കെ.വി.വിജയദാസ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി മുൻഗണന ലിസ്റ്റ് തയ്യാറാക്കി റേഷൻ കാർഡ് നൽകിയതിൽ വ്യാപകമായ പരാതി ഉയർന്നത് പരിശോധനാ വിധേയമാക്കിയിരുന്നോ; വിശദാംശം അറിയിക്കാമോ; തെറ്റ തിരുത്തി ഏതൊക്കെ വിഭാഗം ആളുകളെ മുൻഗണന ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) പരിശോധനാ വിധേയമാക്കിയിരുന്നു. മുൻഗണനാ ലിസ്റ്റിൽ വന്ന അപാകതകൾ തിരുത്തി, 14.01.11 ലെ സ.ഉ(കൈ)നം. 16/2011/ത.സ്വ.ഭ.വ, 27.04.12 ലെ സ.ഉ (കൈ)നം.112/12/ത.സ്വ.ഭ.വ എന്നിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രകാരം യോഗ്യത നേടുന്ന ഗുണഭോക്താക്കളെ എല്ലാവരെയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മത്സ്യ, കയർ, കശുവണ്ടി, തോട്ടം ഉൾപ്പെടെയുള്ള പരമ്പരാഗത തൊഴിലാളികളേയും, സർക്കാർ ജോലി ഉൾപ്പെടെ സ്ഥിര വരുമാനമുള്ളവരെ ഒഴിവാക്കി മറ്റെല്ലാ പട്ടികജാതി കുടുംബങ്ങളേയും മറ്റ മാനദണ്ഡങ്ങൾ മാറ്റിവെച്ച് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) മുമ്പ് ദാരിദ്ര്യരേഖയ്ക്ക് താഴെ ഉൾപ്പെട്ടിരുന്നവർ സാമ്പത്തിക ഉന്നമനം പ്രാപിക്കാതെ തന്നെ മുൻഗണന പട്ടികയിൽ നിന്നും പുറത്തായത് കാരണം സബ്സിഡി നിരക്കിലുള്ള ഭക്ഷ്യ വസ്തുക്കൾ ലഭ്യമാകാതെയും ബി.പി.എൽ. വിഭാഗത്തിനുള്ള സൗജന്യ ചികിത്സ ലഭിക്കാതെയും ദുരിതത്തിലായിരിക്കുന്നത് പരിഹരിക്കാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോ; | (ബി) നടപടി സ്വീകരിച്ചു വരുന്നു. |
| (സി) മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി മുൻ സർക്കാർ സ്വീകരിച്ച മാനദണ്ഡവും ഈ പട്ടികയിൽപ്പെടുത്തുന്നതിനായി നിജപ്പെടുത്തിയിട്ടുള്ള ആളുകളുടെ എണ്ണവും അറിയിക്കാമോ? | (സി) സർക്കാർ ഉത്തരവ് (കൈ)നം.112/12/ത.സ്വ.ഭ.വ തീയതി 27.04.12, സർക്കാർ ഉത്തരവ് (കൈ)നം.16/2011/ത.സ്വ.ഭ.വ, തീയതി 14.01.11 എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ആകെ 15480040 ഗുണഭോക്താക്കളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിയമം അനുശാസിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ